"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് മൂത്താന്തറ കർണക സീനിയർ ബേസിക് സ്കൂളിലെ എൽ.പി.എസ്.ടി. ശ്രീമതി. ഷാനി യു., ശ്രീമതി. തേജസ്വിനി എ.എസ്., ശ്രീ. ഹരീഷ് കെ.ആർ എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP (C) No. 16246/2025 ലെ ബഹു. ഹൈക്കോടതിയുടെ 11/04/2025 - ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1192/2026/GEDN** തീയതി,തിരുവനന്തപുരം, 10-02-2026

---

പരാമർശം:-

1. പാലക്കാട് മൂത്താന്തറ, കർണ്ണക സീനിയർ ബേസിക് സ്കൂളിലെ എൽ.പി.എസ്.ടി. മാരായ ശ്രീമതി. ഷാനി യു., ശ്രീമതി. തേജസ്വിനി എ. എസ്., ശ്രീ. ഹരീഷ് എ.ആർ. എന്നിവർ സമർപ്പിച്ച അപേക്ഷ
2. WP (C) No. 16246/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 11/04/2025 തീയതിയിലെ വിധിന്യായം
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 14/07/2025 തീയതിയിലെ DGE/13697/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് മൂത്താന്തറ, കർണ്ണക സീനിയർ ബേസിക് സ്കൂളിലെ എൽ.പി.എസ്.ടി. മാരായ ശ്രീമതി. ഷാനി യു., ശ്രീമതി. തേജസ്വിനി എ. എസ്., ശ്രീ. ഹരീഷ് എ.ആർ. എന്നിവർ ചേർന്ന് എൽ.പി.എസ്.ടി. തസ്തികയിലുള്ള ഇവരുടെ ദിവസവേതന അടിസ്ഥാനത്തിലുള്ള നിയമനം റഗുലർ സ്കെയിൽ അംഗീകരിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 16246- ലെ പരാമർശം (2) വിധിന്യായം പ്രകാരം "The writ petition is accordingly disposed of directing that if the petitioners make a representation before the 1st respondent within a period of two weeks, the 1st respondent shall consider the application for the approval of appointment on regular pay scale and take appropriate decision thereon, within a further period of four months, after giving an opportunity of hearing to the petitioners" എന്ന് ഉത്തരവായിരുന്നു.

കോടതിവിധിപ്രകാരം സമർപ്പിച്ച പരാമർശം (1) അപേക്ഷയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെയും പ്രതിനിധികളെ ഗൂഗിൾ മീറ്റ് മുഖേന കേൾക്കുകയുണ്ടായി.

**2. ഹർജിക്കാരായ ശ്രീമതി. ഷാനി യു., ശ്രീമതി. തേജസ്വിനി എ.എസ്., ശ്രീ. ഹരീഷ് കെ.ആർ എന്നിവരുടെ വാദം ഇപ്രകാരമാണ്.**

ഒന്നും മൂന്നും ഹർജിക്കാരായ ശ്രീമതി. ഷാനി യു., ശ്രീ. ഹരീഷ് കെ.ആർ. എന്നിവരുടെ നിയമനം നിയമന തീയതിയായ 01/06/2023 മുതലും രണ്ടാം ഹർജിക്കാരിയായ ശ്രീമതി. തേജസ്വിനിയുടെ നിയമനം നിയമന തീയതിയായ 03/06/2024 മുതലും പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയിരുന്നു. ടി സ്കൂളിൽ ഭിന്നശേഷി നിയമനത്തിനായി തസ്തിക മാറ്റി വച്ചിട്ടുണ്ടെങ്കിലും ഈ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥിയെ ലഭ്യമാകാത്തതു കാരണം നിയമനം നടത്തുവാൻ കഴിഞ്ഞിട്ടില്ലെന്നും Nair Service Society & another ഫയൽ ചെയ്ത SLP (C) No.11373/24 യുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി നിയമനത്തിനായി തസ്തിക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ മറ്റു നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിക്കുന്നതിനു അനുമതി നൽകിയിരുന്നുവെന്നും സമാന സാഹചര്യത്തിലായിരിക്കുന്ന തങ്ങളുടെ നിയമനവും ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുന്നതിനു നടപടിയുണ്ടാകണമെന്നുമാണ് ഹർജിക്കാരുടെ ആവശ്യം.

**3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വാദം ഇപ്രകാരമാണ്.**

പാലക്കാട് മൂത്താന്തറ കർണക സീനിയർ ബേസിക് സ്കൂളിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി നിയമനത്തിനായി 31/03/2023-ൽ വിരമിച്ച എൽ.പി.എസ്.ടി ശ്രീമതി. ജിജി ഇ. പോളിന്റെ ഒഴിവു മാറ്റിവയ്ക്കുകയും ആയത് സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് റിപ്പോർട്ട് ചെയ്തതിന്റെ 07/09/2023-ലെ കൈപ്പറ്റ് രസീത് മാനേജർ സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരുടെ നിയമനം 08/11/2021-ന് ശേഷമാകയാൽ 24/03/2023-ലെ GO (P)29/2023/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ ദിവസവേതനാടിസ്ഥാനത്തിൽ അംഗീകരിച്ച് നൽകിയിരുന്നു. ഉപജില്ല വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് ശരിവെച്ച് കൊണ്ടും നിലവിൽ മൂത്താന്തറ കർണ്ണക സീനിയർ ബേസിക് സ്കൂളിൽ ഭിന്നശേഷി ഉദ്യോഗാർഥിയെ നിയമിച്ചിട്ടില്ലെന്നും Nair Service Society & another ഫയൽ ചെയ്ത SLP(C) No.11373/24-ൽ 04/03/2025-ലെ വിധിന്യായം സമാനകേസുകളിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പൊതു ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ലെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി.

**4.** സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദം, വിദ്യാഭ്യാസ അധികാരികളുടെ റിപ്പോർട്ട്, നിലവിലെ KER ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ സിംഗിൾ ബെഞ്ച് (WP(C)No. 1172/2023 & connected cases) പുറപ്പെടുവിച്ച വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത WA No. 1602/2022 തീർപ്പാക്കി ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായത്തിൽ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണപ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതുവരെ 18/11/2018 തീയതിയ്ക്കും 08/11/2021 തീയതിയ്ക്കും ഇടയിൽ നടത്തിയ നിയമനങ്ങൾ താൽക്കാലികമായി കണക്കാക്കുന്നതിനും, 08/11/2021 തീയതിയ്ക്കു ശേഷമുള്ളവ ദിവസ വേതനാടിസ്ഥാനത്തിൽ മാത്രം നടത്തുന്നതിനും നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിനെതിരെ ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള SLP(C) No.

9566/2023 നം. കേസ് നിലവിൽ ബഹു. സുപ്രീം കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത കേസിൽ 15/05/2023 തീയതിയിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവിൽ 18/11/2018 തീയതി മുതൽ ഭിന്നശേഷിക്കാർക്കുള്ള ഒഴിവുകൾ കണക്കാക്കി നിയമനങ്ങൾ നടത്തുന്നതിനായി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നതിനും, 30/10/2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവിൽ ടി നിയമന നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്നതിനായി ഒരു സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുന്നതിനും പരമോന്നത കോടതി നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് 27/01/2025 തീയതിയിൽ ഈ വിഷയം പരിഗണിച്ച ബഹു. സുപ്രീം കോടതി 30/10/2023 തീയതിയിലെ ഉത്തരവ് പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരമുള്ള നടപടികൾ തുടരുന്നതിനും എന്നാൽ, കോടതിയുടെ അനുമതിയോടു കൂടി മാത്രമേ ആയത് അന്തിമമാക്കുവാൻ പാടുള്ളൂ എന്നും ഇടക്കാല ഉത്തരവ് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സാഹചര്യത്തിൽ, ബഹു. ഹൈക്കോടതി ഈ വിഷയത്തിൽ പുറപ്പെടുവിച്ച വിധിന്യായങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതിനാൽ, നായർ സർവ്വീസ് സൊസൈറ്റി ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത SLP (C) No. 11373/2024 നം. കേസിൽ 04/03/2025 തീയതിയിൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ, ഭിന്നശേഷിക്കാർക്കായി മാറ്റി വച്ചിട്ടുള്ള സീറ്റുകൾ ഒഴിച്ച് മറ്റ് ഒഴിവുകളിൽ നിയമനങ്ങൾ നടത്തുന്നതിനായി നൽകിയിട്ടുള്ള അനുമതി, നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് ബാധകമാകുന്നതെന്ന് കാണുന്നു. പ്രസ്തുത വിധിന്യായത്തിലെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

"7: The impugned order is quashed and set aside. The appellants are permitted to fill up the vacancies except the seats which are reserved for persons with disability. On completion of all the necessary formalities, the services of all such in-service employees, who are entitled to be appointed shall be regularized. We further expect that the appellants and other similarly circumstanced society/societies shall take steps to forthwith fill up the posts which are reserved for persons with disability at the earliest. On such appointments being made and the proposals for regularization being submitted to the State Government, the State Government shall decide the same expeditiously"

നായർ സർവ്വീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള എയ്ഡഡ് സ്കൂളുകൾക്ക് മാത്രമാണ് SLP(C) No.11373/2024 നം. കേസിന്മേലുള്ള 04/03/2025 തീയതിയിലെ ബഹു സുപ്രീം കോടതിവിധി ബാധകമാകുന്നത്.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട SLP(C) No. 11373/2024 (നായർ സർവീസ് സൊസൈറ്റി Vs സ്റ്റേറ്റ് ഓഫ് കേരള) കേസിന്മേലുള്ള 04/03/2025 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായം മറ്റു സമാന മാനേജ്മെന്റുകളിലും ബാധകമാക്കാൻ അനുമതി തേടിക്കൊണ്ട് SLP(C) No. 9566/2023 നം കേസിൽ സർക്കാർ ബഹു സുപ്രീം കോടതിയിൽ ഒരു അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ബഹു സുപ്രീം കോടതിയുടെ അനുമതി ലഭിക്കുന്ന മുറക്ക്, അതിനനുസൃതമായി മാത്രമേ, ഹർജിക്കാരുടെ ആവശ്യം പരിഗണിക്കാൻ സാധിക്കു.

**5.** മേൽ സാഹചര്യത്തിൽ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട SLP(C) No. 11373/2024 (നായർ സർവീസ് സൊസൈറ്റി Vs സ്റ്റേറ്റ് ഓഫ് കേരള) കേസിന്മേലുള്ള 04/03/2025 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ വിധിന്യായം മറ്റു സമാന

മാനേജ്മെന്റുകളിലും ബാധകമാക്കാൻ അനുമതി തേടിക്കൊണ്ട് SLP(C) No. 9566/2023 നം കേസിൽ സർക്കാർ ബഹു സുപ്രീം കോടതിയെ സമീപിച്ചതിൽ ബഹു. സുപ്രീം കോടതിയുടെ വിധിന്യായത്തിന് അനുസൃതമായി മാത്രമേ, പാലക്കാട് മൂത്താന്തറ, കർണ്ണക സീനിയർ ബേസിക് സ്കൂളിലെ ഭിന്നശേഷി നിയമനത്തിനായി തസ്തിക നീക്കിവച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.പി.എസ്.ടി. മാരായ ശ്രീമതി. ഷാനി യു., ശ്രീമതി. തേജസ്വിനി എ. എസ്., ശ്രീ. ഹരീഷ് എ.ആർ. എന്നിവരുടെ നിയമനങ്ങൾ ശമ്പള സ്കെയിലിൽ അംഗീകരിച്ച് നൽകുന്ന വിഷയം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ പരാമർശം (1) ലെ ആവശ്യം നിരസിക്കുന്നു.

ഇപ്രകാരം പാലക്കാട് മൂത്താന്തറ, കർണ്ണക സീനിയർ ബേസിക് സ്കൂളിലെ എൽ.പി.എസ്.ടി. മാരായ ശ്രീമതി. ഷാനി യു., ശ്രീമതി. തേജസ്വിനി എ. എസ്, ശ്രീ. ഹരീഷ് എ.ആർ എന്നിവർ ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) 16249-ൽ പരാമർശം (2) വിധിന്യായം നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA R S
അഡിഷണൽ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം).
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട് - 678 001.
മാനേജർ, കർണക സീനിയർ ബേസിക് സ്കൂൾ, മൂത്താന്തറ, പാലക്കാട് - 678 012.
ശ്രീമതി. ഷാനി യു., എൽ.പി.എസ്.ടി., കർണക സീനിയർ ബേസിക് സ്കൂൾ, മൂത്താന്തറ, പാലക്കാട് - 678 012.
ശ്രീമതി. തേജസ്വിനി എ.എസ്., എൽ.പി.എസ്.ടി., കർണക സീനിയർ ബേസിക് സ്കൂൾ, മൂത്താന്തറ, പാലക്കാട് - 678 012.
ശ്രീ. ഹരീഷ് കെ.ആർ., എൽ.പി.എസ്.ടി., കർണക സീനിയർ ബേസിക് സ്കൂൾ, മൂത്താന്തറ, പാലക്കാട് - 678 012.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Meera S S
Date: 10-02-2026 16:06:40
സെക്ഷൻ ഓഫീസർ